മനസ്സറിയുക ശരീരവും

ഡോ. (സി.) ഷാലു കോയിക്കര

# ഭയം മനുഷ്യന് ദോഷവും ആവശ്യവും

കൗമാരക്കാർ പൊതുവിൽ പറയുന്ന ഒരു പ്രധാനപ്രശ്നമാണ് ഭയം. വ്യക്തികൾ, സ്ഥലങ്ങൾ, മൃഗങ്ങൾ, ഇരുട്ട്, അടച്ചിട്ടിരിക്കുന്ന മുറി, രക്തം, ഉയരം തുടങ്ങി പലതും അവരുടെ ഭയത്തിന്റെ പട്ടികയിൽ ഉണ്ടാകാം. ഭയം അമിതമായാൽ അതു ദൈനംദിന ജീവിതത്തെ തടസ്സപ്പെടുത്തും. ഇത്തരത്തിലുള്ള ഭയത്തിന് ഫോബിയ എന്നു പറയും.

കുട്ടികൾ ഭയപ്പെടുന്ന വ്യക്തികൾ അച്ഛനോ ടീച്ചറോ അതുമല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ പീഡിപ്പിച്ചിട്ടുള്ളവരോ ആകാം. മാതാപിതാക്കളുടെ അടുത്തുനിന്ന് അവർ ഭയന്ന് മാറിനില്ക്കുന്നത്, കുട്ടികളുടെ മാനസ്സികവളർച്ചയ്ക്ക് നല്ലതല്ല. ഭയത്തെക്കാൾ കൂടുതലായി സ്നേഹത്തോടെയുള്ള ബഹുമാനമാണ് കുട്ടികൾക്കു മുതിർന്നവരുടെ ഭാഗത്തു നിന്നും ലഭിക്കേണ്ടത്.

## നഷ്ടബോധവും സങ്കടവും

സങ്കടം എന്ന വികാരം നഷ്ടത്തോട് ബന്ധപ്പെട്ടാണിരിക്കുന്നത്. ഏതെങ്കിലും വിധത്തിലുള്ള നഷ്ടമാകാം-പ്രിയപ്പെട്ടവരുടെ വേർപാട്, സ്വത്തു നഷ്ടം, ആഭരണ മോഷണം, സുഹൃദ്ബന്ധം തകർന്നത്, ആരോഗ്യം നഷ്ടപ്പെട്ടത് തുടങ്ങിയവ. കൗമാരത്തിലേക്കു കടക്കുമ്പോഴേക്കും കുട്ടികൾ ഇതിലേതെങ്കിലും തരത്തിലുള്ള നഷ്ടവും അതിനോടു ചേർന്നുള്ള ദുഃഖവും അനുഭവിക്കേണ്ടതായി വരാറുണ്ട്. അവരെ സംബന്ധിച്ച് മറ്റൊരു വലിയ നഷ്ടമാണ് ബാല്യകാലം. ഉത്തരവാദിത്വങ്ങളില്ലാതെ, സ്വതന്ത്രമായി ജീവിക്കാൻ കഴിയുന്ന കാലം.

മരണം മൂലമോ വിവാഹമോചനം മൂലമോ, അച്ഛനും അമ്മയും വേർപിരിഞ്ഞു ജീവിക്കുന്നതു മൂലമോ മാതാപിതാക്കളെ നഷ്ടപ്പെടുന്ന കുട്ടികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. പതിനാലുകാരിയായ ജലജയുടെ കണ്ണുനീർ തോരുന്നില്ല. കാരണം മറ്റൊന്നുമല്ല. അവളുടെ അമ്മ അവളെ ഉപേക്ഷിച്ച് മറ്റാരുടെയോ കൂടെ ഇറങ്ങിപ്പോയി. അവൾക്ക് ഭക്ഷണം കഴിക്കാനോ ഉറങ്ങാനോ സംസാരിക്കാനോ ഒന്നും സാധിക്കുന്നില്ല. സ്കൂളിൽ പോകാൻ പോലും തോന്നുന്നില്ല. വിഷാദരോഗത്തിലേക്ക് വഴുതിവീഴുന്ന അവസ്ഥയിലാണവൾ.

പതിനാറു വയസ്സുള്ള ദീപുവിന് കാര്യമായി ഒന്നും സംസാരിക്കാനില്ല. ഉറ്റ സുഹൃദ്ബന്ധങ്ങളൊന്നുമില്ല. ആവറേജിനു മുകളിൽ ബുദ്ധിശക്തിയുണ്ടെങ്കിലും മാർക്ക് വളരെ കുറവാണ്. ഒന്നിനും ഉത്സാഹമില്ല. പ്രതികരണശേഷി കുറഞ്ഞപോലെയാണ് പ്രവർത്തനരീതികൾ. കാരണം മറ്റൊന്നുമല്ല, അവന്റെ അമ്മ മാനസ്സിക രോഗിയായി നാളുകളായി ആശുപത്രിയിലാണ്. ഇതൊന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ല.



**ഭയത്തിന്റെ അന്തരീക്ഷത്തിൽ വളർന്നുവന്ന കുട്ടികൾ പ്രായപൂർത്തിയായി കഴിഞ്ഞാലും അല്പം ഗൗരവസ്വഭാവമുള്ളവരുടെയും അധികാരികളുടെയുമൊക്കെ അടുത്ത് ഭയന്നു നില്ക്കുന്നവരായിത്തീരാൻ സാധ്യതയുണ്ട്. മറ്റുള്ളവരുടെ, പ്രത്യേകിച്ച് തന്നെക്കാൾ മുതിർന്നവരുടെയടുത്ത് സ്വാതന്ത്ര്യത്തോടെ ഇടപെടാൻ ഈ രീതിയിൽ വളർന്ന കുട്ടികൾക്ക് ബുദ്ധിമുട്ടായിരിക്കും. പിന്നീട് ജീവിതത്തിൽ ഏതെങ്കിലും വിധത്തിലുള്ള തിക്താനുഭവങ്ങൾ ഉണ്ടായാൽ അതിനെ തരണം ചെയ്യുക ഇവർക്ക് എളുപ്പമായിരിക്കില്ല.**

## കൗമാരക്കാരുടെ പ്രശ്നങ്ങളും മാതാപിതാക്കളുടെ സമീപനവും

കൗമാരക്കാരുടെ ദുഃഖത്തിന്റെ യഥാർത്ഥ കാരണമോ അതിന്റെ ആഴമോ മനസ്സിലാക്കാൻ മുതിർന്നവർ തയ്യാറാവുന്നില്ല എന്നതും കാര്യങ്ങൾ കൂടുതൽ സങ്കീർണമാക്കുന്നു. ദുഃഖം കൂടുതലായിക്കഴിഞ്ഞാൽ അത് ആരുടെയും ജീവിതത്തെ തകർത്തുകളയുമെന്ന് അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഒന്നാമതായി ചെയ്യേണ്ടത് അവരോടു കൂടെ അല്പസമയമെങ്കിലും ചിലവഴിക്കുക എന്നുള്ളതാണ്. തനിക്ക് താങ്ങായി ആരെങ്കിലുമുണ്ട്, താൻ തനിച്ചല്ല എന്ന തിരിച്ചറിവ് അവരുടെ ദുഃഖം കുറയ്ക്കാൻ സഹായിക്കും. മരണമോ വലിയ രോഗങ്ങളോ അതുപോലെ മറ്റു വലിയ നഷ്ടങ്ങളോ അംഗീകരിക്കാൻ സാധിക്കുന്നതിനു മുൻപ് മനുഷ്യമനസ്സ് ചില പ്രത്യേക അവസ്ഥകളിൽകൂടി കടന്നുപോകുന്നതായി എലിസബത്ത് ക്യൂബലർ പറയുന്നു.

ഇതിലാദ്യത്തേത് ഷോക് ആണ്. ഈ ഘട്ടത്തിൽ ഒരുവന്റെ മാനസ്സികമായ എല്ലാ പ്രവർത്തനങ്ങളും നിലക്കുന്ന ഒരു അനുഭവമാണുണ്ടാകുക. ചിലപ്പോൾ സംസാരശക്തിപോലും കുറച്ചു സമയത്തേക്ക് ഇല്ലാതായെന്നിരിക്കും. ഉപബോധമനസ്സിന്റെ മനോഭാവം 'നോ' ആണ്.

രണ്ടാമത്തെ ഘട്ടത്തിലാകട്ടെ, മനസ്സ് ചില പ്രതിരോധ ടെക്നിക്കുകൾ ഉപയോഗിക്കുന്നു. ആദ്യം ഉണ്ടായ ഷോക്കിൽ നിന്നു രക്ഷപെടുക എന്നതാണ് അതിന്റെ ഉദ്ദേശ്യം. നിരസിക്കുക എന്നതാണ് ഇവിടെ സ്വീകരിക്കുന്ന അനാരോഗ്യകരമായ മാർഗം. തന്നോടുതന്നെയും, ഈ സംഭവിച്ചത് തനിക്കല്ല എന്നുപറഞ്ഞ് സ്വയം ആശ്വസിക്കാൻ നോക്കുന്ന രംഗമാണ് ഇവിടെ കാണാൻ സാധിക്കുക.

മൂന്നാമത്തെ ഘട്ടത്തിൽ വ്യക്തി അതുവരെ അടക്കിവച്ചിരുന്ന വികാരങ്ങൾ പ്രകടിപ്പിക്കാൻ തുടങ്ങും. കോപമാണ് പ്രധാനമായും ഈ സ്റ്റേജിലെ വികാരം. കൂടുതൽ അടുത്തിടപഴകുന്നവരായിരിക്കും ഈ കോപത്തിനിരയാകുന്നത്. പ്രത്യേകിച്ച് കൗമാരക്കാരനോടു കൂടി വീട്ടിൽ ആയിരിക്കുന്നവർ. എന്തുകൊണ്ട് താൻ ഈ അനീതി സഹിക്കേണ്ടി വരുന്നുവെന്നാണ് ഒളിഞ്ഞിരിക്കുന്ന ചോദ്യം. തനിക്ക് ചുറ്റും മറ്റ് എത്രയോ പേരുണ്ടായിരുന്നു. അവർക്കൊന്നും ഇതു സംഭവിച്ചില്ലല്ലൊ എന്ന ചിന്ത അവരുടെ മനസ്സിനെ വ്യാകുലപ്പെടുത്തും.

നാലാമത്തെ ഘട്ടത്തിൽ ആൾ വാദപ്രതിവാദത്തിലേർപ്പെടുന്നു. തന്നോടുതന്നെയാകാം, മറ്റുള്ളവരോടാകാം, ദൈവത്തോടാകാം വാദിക്കുന്നത്. ഞാനിതൊക്കെ സഹിച്ചു കൊള്ളാമായിരുന്നു, എന്റെ പരീക്ഷ ഒന്നു കഴിഞ്ഞിട്ടായിരുന്നെങ്കിൽ, എനിക്കു അല്പം കൂടി പ്രായമായിട്ടായിരുന്നെങ്കിൽ, എന്നെ സഹായിക്കാൻ മറ്റാരെങ്കിലുമുള്ള അവസരത്തിലായിരുന്നെങ്കിൽ ഇങ്ങനെ പോകുന്നു ആ പട്ടിക.

അഞ്ചാമത്തെ ഘട്ടത്തിൽ ഒരു വിഷാദാവസ്ഥയിലേക്കാണ് വ്യക്തി നീങ്ങുന്നത്. ഈ സാഹചര്യത്തിൽ വ്യക്തിയുടെ നഷ്ടത്തെ ഏതെങ്കിലും വിധത്തിൽ പരിഹരിക്കാനുള്ള സാധ്യതകളുണ്ടെങ്കിൽ അതിനായി പ്രേരിപ്പിക്കാം. അല്ലെങ്കിൽ താൻ വിലപ്പെട്ടതെന്നു കരുതിയിരുന്നത് തനിക്കു നഷ്ടപ്പെട്ടെന്ന പരുപരുത്ത യാഥാർത്ഥ്യത്തെ അംഗീകരിക്കാൻ വ്യക്തിയെ ഒരുക്കുകയുമാവാം. ❖

## ഭയത്തിന്റെ കാരണങ്ങൾ

അമിത ശിക്ഷ, മാതാപിതാക്കൾ തമ്മിലുള്ള നിരന്തരസംഘട്ടനം, മദ്യപാനം തുടങ്ങിയവ കുട്ടികളിൽ നീണ്ടുനില്ക്കുന്ന ഭയവും ഒന്നിനും മുന്നോട്ടുവരാൻ കഴിവില്ലാത്ത അവസ്ഥയും സൃഷ്ടിക്കും. ഭയംമൂലം കുട്ടികൾ വീട്ടിൽ നിന്ന് ഇറങ്ങിപ്പോകുന്ന അവസ്ഥവരെ ഉണ്ടാകാറുണ്ട്.

കുട്ടികൾ തെറ്റു ചെയ്താൽ അത് മുതിർന്നവർ തിരുത്തിക്കേണ്ടതാണ്. എന്നാൽ കാർക്കശ്യത്തോടെയാണ് അതു ചെയ്യുന്നതെങ്കിൽ കുട്ടികളെ മാനസ്സികമായി തളർത്തും. ഒന്നിനും കഴിവില്ലാത്തവരും എല്ലാകാര്യങ്ങളിലും പിറകോട്ടു വലിയുന്ന സ്വഭാവക്കാരുമായി അവർ മാറും.

ഭയത്തിന്റെ അന്തരീക്ഷത്തിൽ വളർന്നുവന്ന കുട്ടികൾ പ്രായപൂർത്തിയായി കഴിഞ്ഞാലും അല്പം ഗൗരവസ്വഭാവമുള്ളവരുടെയും അധികാരികളുടെയുമൊക്കെ അടുത്ത് ഭയന്നു നില്ക്കുന്നവരായിത്തീരാൻ സാധ്യതയുണ്ട്. മറ്റുള്ളവരുടെ, പ്രത്യേകിച്ച് തന്നെക്കാൾ മുതിർന്നവരുടെയടുത്ത് സ്വാതന്ത്ര്യത്തോടെ ഇടപെടാൻ ഈ രീതിയിൽ വളർന്ന കുട്ടികൾക്ക് ബുദ്ധിമുട്ടായിരിക്കും. പിന്നീട് ജീവിതത്തിൽ ഏതെങ്കിലും വിധത്തിലുള്ള തിക്താനുഭവങ്ങൾ ഉണ്ടായാൽ അതിനെ തരണം ചെയ്യുക ഇവർക്ക് എളുപ്പമായിരിക്കില്ല.

അധികാരസ്ഥാനത്തിരിക്കുന്നവരെ ഭയത്തോടെ മാത്രമേ ഇവർക്ക് സമീപിക്കാൻ സാധിക്കുകയുള്ളൂ. ചിലപ്പോൾ കുട്ടികളിൽ ഇത് അപകർഷതാബോധവും വരുത്തിവയ്ക്കും. കുട്ടികളുടെ വളർത്തലിൽ സ്നേഹത്തോടെയുള്ള സമീപനമാണ് ആവശ്യം. സൗമ്യതയോടെയുള്ള ശിക്ഷ, കാര്യങ്ങൾ ശരിയായി ഗ്രഹിക്കാൻ അവരെ സഹായിക്കും. ശിക്ഷയുടെ പിന്നിൽ സ്നേഹമാണ് എന്ന് അവർക്കു മനസ്സിലാവണം.

അധ്യാപകരോടുള്ള ഭയം ക്ലാസ്സിൽ കുട്ടികൾക്ക് അറിയാവുന്ന ഉത്തരങ്ങൾ പോലും മറന്നുപോകുന്നതിന് ഇടയാക്കാറുണ്ട്. ഏതെങ്കിലും ടീച്ചറോടുള്ള അമിതപേടി ചിലപ്പോഴെങ്കിലും സ്കൂളിൽ പോകാതിരിക്കുന്നതിനും കാരണമാകാറുണ്ട്. എന്നാൽ എപ്പോഴും ഇങ്ങനെയായിരിക്കണമെന്നു നിർബന്ധമില്ല. ചിലപ്പോൾ ടീച്ചറുടെ തന്നെ എന്തെങ്കിലും പ്രത്യേകത കൊണ്ടാകാം കുട്ടിക്കു ഭയമുണ്ടാകുന്നത്. സാധാരണരീതിയിൽ കുട്ടികൾക്ക് ഒരു ടീച്ചറെ പേടിയായാൽ ആ വിഷയം തന്നെ പഠിക്കാതാകും. അധ്യാപകരുടെ ഭാഗത്തുനിന്നായാലും സ്നേഹത്തോടെയുള്ള തിരുത്തലുകളും ശിക്ഷണവുമാണ് ആവശ്യം. അമിത ഭയം കൊണ്ട് കുട്ടികളുടെ മാനസ്സിക ആരോഗ്യം നഷ്ടപ്പെടുമെന്നല്ലാതെ പ്രത്യേകിച്ച് ഗുണമൊന്നുമില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും ഭയം ജീവിതത്തിൽ മനുഷ്യന് ആവശ്യമായ ഒരു വികാരമാണ്. അത് മനുഷ്യന്റെ ജീവൻ പോലും പലപ്പോഴും സംരക്ഷിക്കും. അവ ഏതൊക്കെയാണെന്ന് സ്വയം ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. ■

രാഷ്ട്രീയ കേരളം

സാബു ജോൺ

# ഒടുവിൽ നികൃഷ്ടജീവികൾ നല്ലവരാകുന്നു

ഒടുവിൽ സിപിഎം പറഞ്ഞു: ക്രൈസ്തവസഭകളുമായി ചർച്ചയ്ക്കു തയാർ.

ഇതൊരു നിലപാടുമാറ്റമാണ്. ആത്മാർത്ഥമാണെങ്കിൽ സ്വാഗതം ചെയ്യേണ്ടതുമാണ്.

ഭരിക്കുന്ന പാർട്ടി നാട്ടിൽ ജനങ്ങളെ പ്രതിനിധീകരിക്കുന്ന എല്ലാ പ്രസ്ഥാനങ്ങളുടെയും അഭിപ്രായങ്ങൾ കേൾക്കാൻ ബാധ്യസ്ഥരാണ്. അതെല്ലാം അംഗീകരിക്കണമെന്ന് നിർബന്ധമായും പറയാൻ സാധിക്കില്ല. എങ്കിലും ഏറ്റുമുട്ടലിന്റെയും വെല്ലുവിളിയുടെയും രീതി ഭരിക്കുന്നവർക്കു നല്ലതല്ല.

കേരളത്തിലെ സിപിഎം നേതൃത്വം കുറച്ചുനാളായി ക്രൈസ്തവ സഭകളുമായി ഏറ്റുമുട്ടലിന്റെ പാതയിലായിരുന്നു. സ്വാശ്രയപ്രശ്നത്തിലും മറ്റു നിരവധി വിഷയങ്ങളിലും വൈരാഗ്യബുദ്ധിയോടെയുള്ള സമീപനമായിരുന്നു പാർട്ടി നേതൃത്വം സ്വീകരിച്ചു വന്നിരുന്നത്. ക്രൈസ്തവസഭാധ്യക്ഷന്മാരെ നിരന്തരമായി അപമാനിച്ചു സംസാരിച്ചുകൊണ്ടിരുന്നത് പാർട്ടി സംസ്ഥാന സെക്രട്ടറി തന്നെയായിരുന്നു.

അങ്ങനെ ഏറ്റുമുട്ടലിന്റെ പാതയിലൂടെ നീങ്ങിയ പാർട്ടിക്കോ സർക്കാരിനോ ഒന്നും നേടാൻ കഴിഞ്ഞില്ല. ഇപ്പോൾ വലിയ നഷ്ടം ഉണ്ടാകുകയും ചെയ്തു. സർക്കാർ വൈരാഗ്യ ബുദ്ധിയോടെ സ്വീകരിച്ച നടപടികളൊക്കെ കോടതി റദ്ദാക്കി. ക്രൈസ്തവസ്ഥാപനങ്ങൾക്കെതിരേ പാർട്ടിക്കാർ അക്രമമഴിച്ചു വിട്ടതും ജനങ്ങളെ ഭരണക്കാരിൽ നിന്ന് അകറ്റാൻ മാത്രമേ സഹായിച്ചുള്ളൂ.

തെരഞ്ഞെടുപ്പു വേളയിൽ ക്രൈസ്തവസഭകളുമായി ബന്ധപ്പെട്ട് സിപിഎം നേതൃത്വം നിരന്തരമായി പറഞ്ഞു വന്നിരുന്ന രണ്ടു കാര്യങ്ങളുണ്ടായിരുന്നു. ഒന്ന്: ന്യൂനപക്ഷങ്ങൾ കൂടുതലായി പാർട്ടിയിലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നവകേരള യാത്രയ്ക്കിടയിൽ പിണറായി വിജയന് നേരിട്ടു ബോധ്യപ്പെട്ടതാണത്രെ ഇത്! രണ്ട് സഭാധ്യക്ഷന്മാരുടെ നിലപാടുകൾ സഭാംഗങ്ങളെ സ്വാധീനിക്കില്ല. അവർ എന്തു പറഞ്ഞാലും ക്രൈസ്തവന്യൂനപക്ഷം തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്കൊപ്പം നില്ക്കും.

തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ഇപ്പറഞ്ഞതെല്ലാം തെറ്റി. ക്രൈസ്തവ ന്യൂനപക്ഷം സിപിഎമ്മിനെ സമ്പൂർണമായും കൈവിട്ടെന്നു തെരഞ്ഞെടുപ്പുഫലം വ്യക്തമാക്കി. മാത്രമല്ല, സഭാധ്യക്ഷന്മാർക്ക് ക്രൈസ്തവർക്കു മേൽ സ്വാധീനമുണ്ടെന്നും സിപിഎമ്മിനു സമ്മതിക്കേണ്ടി വന്നിരിക്കുന്നു.

സിപിഎമ്മിനേപ്പോലെ താഴേത്തട്ടു വരെ ശക്തമായ സംഘടനാസംവിധാനമുള്ള പാർട്ടിക്ക് എങ്ങനെ വിലയിരുത്തലുകളിൽ തെറ്റുപറ്റിയെന്നു ചിന്തിക്കേണ്ടതാണ്. നാട്ടിൽ ഒരു ഇലയനങ്ങിയാൽ അറിയാനുള്ള സംവിധാനമാണ് പാർട്ടിയുടേത്. എന്നിട്ടും ന്യൂനപക്ഷങ്ങൾ ഒറ്റക്കെട്ടായി പാർട്ടിക്കെതിരേ തിരിഞ്ഞിട്ടും അതു തിരിച്ചറിയാൻ എന്തേ പാർട്ടിക്കാർക്കു കഴിഞ്ഞില്ല. അപ്പോൾ കണ്ണടച്ചിരുട്ടാക്കുകയാണ് സിപിഎം നേതൃത്വം ചെയ്തത്. അതുപോലെ തന്നെ അടിസ്ഥാനവർഗത്തിനൊപ്പം നില്ക്കുന്നുവെന്നു പറയപ്പെടുന്ന പാർട്ടിയുടെ നേതാക്കൾക്കും ജനങ്ങളുടെ മനസ്സിന്റെ സ്പന്ദനം അറിയാൻ കഴിയാതെ പോകുമ്പോൾ അവർ സാധാരണക്കാരിൽ നിന്ന് അകന്നു എന്നു സമ്മതിക്കേണ്ടിവരും.

> **തെരഞ്ഞെടുപ്പു വേളയിൽ ക്രൈസ്തവസഭകളുമായി ബന്ധപ്പെട്ട് സിപിഎം നേതൃത്വം നിരന്തരമായി പറഞ്ഞു വന്നിരുന്ന രണ്ടു കാര്യങ്ങളുണ്ടായിരുന്നു.**
> **ഒന്ന്: ന്യൂനപക്ഷങ്ങൾ കൂടുതലായി പാർട്ടിയിലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നവകേരള യാത്രയ്ക്കിടയിൽ പിണറായി വിജയന് നേരിട്ടു ബോധ്യപ്പെട്ടതാണത്രെ ഇത്!**
> **രണ്ട് : സഭാധ്യക്ഷന്മാരുടെ നിലപാടുകൾ സഭാംഗങ്ങളെ സ്വാധീനിക്കില്ല. അവർ എന്തു പറഞ്ഞാലും ക്രൈസ്തവ ന്യൂനപക്ഷം തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്കൊപ്പം നില്ക്കും.**

ഈ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾ എങ്ങനെ ചിന്തിക്കുന്നുവെന്നു മനസ്സിലാക്കാൻ വലിയ രാഷ്ട്രീയപാണ്ഡിത്യമൊന്നും വേണ്ടിയിരുന്നില്ല. സാധാരണക്കാർക്കുപോലും അറിയാവുന്ന കാര്യമായിരുന്നു അത്. പക്ഷേ സിപിഎമ്മിലെ ബുദ്ധിജീവികൾക്ക് അതു കാണാൻ കഴിയാതെ പോയി!

വൈകിയാണെങ്കിലും സിപിഎം നേർവഴിക്കു ചിന്തിക്കാൻ തുടങ്ങിയെന്നു കരുതാമോ? ചർച്ചയാകാമെന്നു പറയുന്നത് ഒരു സൂചനയാണ്. എന്നാൽ പ്രവൃത്തിയിലൂടെ തെളിയിച്ചുകൊടുക്കേണ്ട കാര്യമാണത്.

ഇപ്പോഴത്തെ നിലയിൽ തുടർന്നാൽ വരാൻ പോകുന്ന തെരഞ്ഞെടുപ്പുകളിൽ പാർട്ടിയുടെ പൊടി പോലും ബാക്കിയുണ്ടാകില്ലെന്ന ബോധ്യത്തിൽ നിന്നാണ് അകന്നുപോയവരെ അടുപ്പിക്കാൻ പാർട്ടി നീക്കങ്ങൾ തുടങ്ങിയിരിക്കുന്നത്.

എന്നാൽ പ്രസംഗങ്ങളിലൂടെയും പ്രസ്താവനകളിലൂടെയും ക്രൈസ്തവർക്കെതിരായ വികാരം പാർട്ടി അണികളിൽ ജ്വലിപ്പിച്ച പാർട്ടി നേതാക്കൾ ചർച്ച നടത്തിയാൽ തീരുന്നതാണോ പ്രശ്നങ്ങൾ എന്നുള്ളതാണ് ചിന്തിക്കേണ്ട കാര്യം.

കരിദിനം ആചരിച്ച ദിവസം ആലപ്പുഴയിൽ ക്രൈസ്തവസ്ഥാപനങ്ങൾക്കു നേരെ ആക്രമണം നടത്താൻ പാർട്ടിയണികളെ പ്രേരിപ്പിച്ച ഘടകം നേതാക്കളുടെ തലതിരിഞ്ഞ പ്രസ്താവനകളായിരുന്നില്ലേ എന്ന് സിപിഎം നേതാക്കൾ തന്നെ ചിന്തിക്കണം.

ഏതായാലും നികൃഷ്ടജീവികൾ എന്ന വിശേഷം വരെ ചാർത്തിക്കൊടുത്തവരുമായി ചർച്ച നടത്താമെന്നും ഭിന്നതകൾ പറഞ്ഞു തീർക്കണമെന്നും വരെ എത്തിയതു നല്ല കാര്യം. ജനങ്ങളുടെ ശക്തിക്കു മുന്നിൽ ആരുടെ ധാർഷ്ട്യവും വിലപ്പോകില്ലെന്ന സത്യം ഒരിക്കൽ കൂടി തെളിഞ്ഞിരിക്കുകയാണ്. ഈ തിരിച്ചറിവാണ് സിപിഎമ്മിനുണ്ടായതെങ്കിൽ കൊള്ളാം. അതല്ലെങ്കിൽ ചർച്ചകൾ കൊണ്ടൊന്നും ഒരു പ്രയോജനവുമുണ്ടാകാൻ പോകുന്നില്ല.

## നാട്ടുകാരുടെ പണം; എങ്ങനെ പോയാൽ ആർക്കെന്ത് ?

ഭരിക്കുന്നവരുടെ കൊള്ളരുതായ്മകൾ കൊണ്ട് പൊതുഖജനാവിലെ പണം അനാവശ്യമായി ചെലവഴിക്കേണ്ടി വരുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നമുക്കു മുമ്പിലുണ്ട്. ഇപ്പോഴിതാ റോഡു പണിയുടെ പേരിൽ 124 കോടി രൂപ നഷ്ടപരിഹാരം കൊടുക്കേണ്ട സ്ഥിതിയുണ്ടായിരിക്കുന്നു. തലസ്ഥാന നഗരവികസനത്തിനായി കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്തു രൂപം കൊടുത്ത പ്രോജക്ട് അനുസരിച്ചുള്ള പണി നടത്തിയിരുന്നത് പുഞ്ച്‌ലോയ്ഡ് എന്ന കമ്പനിയായിരുന്നു. തലസ്ഥാനത്തെ റോഡുകൾ കണ്ണടച്ചു തുറക്കുന്ന വേഗത്തിൽ പുതുക്കി പണിത കമ്പനി, തലസ്ഥാനവാസികളിൽ വിസ്മയവും മതിപ്പും സൃഷ്ടിച്ചിരുന്നു.

പാളയം അടിപ്പാത ഉൾപ്പെടെയുള്ള നിർമാണപ്രവർത്തനങ്ങൾ വാക്കു പറഞ്ഞതിലും നേരത്തെ പൂർത്തിയാക്കുകയും ചെയ്തു. അതിനിടയിലാണ് ഭരണമാറ്റമുണ്ടാകുന്നത്. പിന്നാലെ പണിയും സ്തംഭിച്ചു. തലസ്ഥാനനഗരവികസന ജോലികൾ മാത്രമല്ല, എം.സി. റോഡിന്റേതുൾപ്പെടെയുള്ള പണികളും നിന്നുപോയി. കരാറുകൾ കൊടുത്തതിൽ അഴിമതിയുണ്ടായിരുന്നെന്നും കൂടുതൽ തുക കൊടുത്തെന്നും മറ്റുമുള്ള ആരോപണങ്ങളും അന്ന് ഇടതു മന്ത്രിമാർ തന്നെ ഉയർത്തിയിരുന്നു.

ഏതായാലും എം.സി. റോഡ് വികസനം നടത്തിവന്ന പതിബെൽ കമ്പനിയുടെ ഉയർന്ന ഉദ്യോഗസ്ഥൻ കുടിശ്ശികത്തുക കിട്ടാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്തിട്ടു പോലും നമ്മുടെ ഭരണക്കാരുടെ മനസ്സു മാറിയില്ല.

>> 8

## അറിയേണ്ടും വാർത്തകൾ

### ലോകത്തിൽ ആറിലൊരാൾ മുഴുപ്പട്ടിണിയിൽ!

അറുനൂറുകോടിയോളം ജനങ്ങളുള്ള നമ്മുടെ ഈ ലോകത്ത് നൂറുകോടി പേർ മുഴുപ്പട്ടിണിയിലാണ് കഴിയുന്നത്. കഴിഞ്ഞ ഒരു വർഷത്തിനിടെ മാത്രം ഉണ്ടായ വർധനവ് ഒരു കോടി. ഏവരെയും അലോസരപ്പെടുത്തുന്ന ഈ റിപ്പോർട്ട് പുറത്തുവിട്ടത് ഐക്യരാഷ്ട്രസഭയുടെ ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷനാണ്.

ഏഷ്യാ - പസഫിക് മേഖലയിലെ രാഷ്ട്രങ്ങളിലാണ് പ്രശ്നം ഏറ്റവും കൂടുതൽ രൂക്ഷമായിരിക്കുന്നത്. വികസിത രാജ്യങ്ങളിലെല്ലാം കൂടി ഒന്നരകോടിയോളം പേരും പട്ടിണിയുടെ പിടിയിലമർന്നിരിക്കുന്നു.

*ഫുഡ് ആൻഡ് അഗ്രിക്കൾച്ചർ ഓർഗനൈസേഷന്റെ, മേഖല തിരിച്ചുള്ള പട്ടിക*

| മേഖല | ജനങ്ങളുടെ എണ്ണം (കോടിയിൽ) |
|---|---|
| ഏഷ്യാ - പസഫിക് | 64.2 |
| സബ്സഹാറൻ ആഫ്രിക്ക | 26.5 |
| ലാറ്റിനമേരിക്ക-കരീബിയ | 5.3 |
| പശ്ചിമേഷ്യ-തെക്കേ ആഫ്രിക്ക | 4.2 |
| വികസിത രാജ്യങ്ങൾ | 1.5 |

വികസിത, അവികസിത ഭേദമില്ലാതെ ആഗോളവ്യാപകമായുണ്ടായ സാമ്പത്തികമാന്ദ്യവും കാർഷികമേഖലയിലെ ഉത്പാദന തകർച്ചയും വിലവർധനയുമൊക്കെ ലോകത്ത് പട്ടിണി വർധിക്കുന്നതിന് പ്രധാ കാരണങ്ങളായി റിപ്പോർട്ടിൽ പറയുന്നു.

കഴിഞ്ഞ മൂന്നു വർഷം കൊണ്ട് ഭക്ഷ്യവിലയിലുണ്ടായ വർധന മുപ്പത് ശതമാനമാണ്. ഇത് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വരുമാനം കുറഞ്ഞവരെയാണ്.

ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്നതാണ് പട്ടിണി നിവാരണത്തിനുള്ള ഏറ്റവും പ്രാഥമികമായ കർമപരിപാടിയെന്ന് റിപ്പോർട്ടിൽ പറയുന്നു.

❖❖❖

### പോളിയോയ്ക്കെതിരെ അവസാനഘട്ട പോരാട്ടത്തിന് ബാൻ കി മൂണിന്റെ ആഹ്വാനം

പോളിയോ നിലവിൽ നാലുരാജ്യങ്ങളിൽ മാത്രമേ അവശേഷിക്കുന്നുള്ളു എന്നും അതിനെ പൂർണമായും തുടച്ചുനീക്കുവാനാവശ്യമായ അവസാനഘട്ട ദൗത്യത്തിന് ഈ നാലു രാജ്യങ്ങളെയും ആഹ്വാനം ചെയ്തതായും ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ ബാൻ കി മൂൺ.



ഇന്ത്യ, പാകിസ്താൻ, അഫ്ഗാനിസ്ഥാൻ, നൈജീരിയ എന്നിവയാണ് ആ നാലു രാജ്യങ്ങൾ 1985ലാണ് പോളിയോ നിർമാർജന ദൗത്യത്തിന് ഐക്യരാഷ്ട്ര സഭ തുടക്കം കുറിച്ചത്. അപ്പോൾ 125 രാജ്യങ്ങളിലായി പോളിയോബാധ അതീവ സങ്കീർണമായിരുന്നു. എന്നാലിന്ന് ആ സ്ഥിതിയിൽ നിന്നും വളരെയേറെ പുരോഗതി കൈവരിക്കുവാൻ ക്രിയാത്മകമായ പദ്ധതികൾകൊണ്ട് സാധ്യമായി. ഇതുവരെ 250 മില്യൺ ഡോളർ ഇതിനായി ചെലവഴിച്ചതായും ബാൻ കി മൂൺ പറഞ്ഞു. ■

ഫ്ളാഷ്ബാക്ക്

തേക്കിൻകാട് ജോസഫ്

# അമേരിക്കൻ പ്രസിഡണ്ടിനൊപ്പം ഒരു ഫോട്ടോ!

**1984**ൽ ന്യൂയോർക്കിലെ പ്രമുഖ മലയാളി വ്യവസായികളിലൊരാളായ സിംസന്റെ ഹോട്ടലിലിരിക്കയാണ്. ഒപ്പം ദീപികയുടെ മുൻ മാനേജിംഗ് എഡിറ്റർ സുനിൽ ജോസഫ് കൂഴമ്പാലയും കുന്നുപറമ്പിൽ പുന്നൂസുമുണ്ട്.

സംഭാഷണമധ്യേ സിംസണ് ഒരു ഫോൺകോൾ വന്നു. വാഷിംഗ്ടണിൽ നിന്നും ഡോ. ജോയി ചെറിയാനാണ്. അമേരിക്കൻ പ്രസിഡണ്ട് റെയ്ഗൻ തന്റെ തിരഞ്ഞെടുപ്പു പ്രചാരണാർത്ഥം വടക്കൻ സംസ്ഥാനങ്ങളിൽ പര്യടനത്തിനായി പുറപ്പെടുന്നു. യാത്രപുറപ്പെടുന്നതിനുമുമ്പ് അമേരിക്കയിലെ മലയാളികളുൾപ്പെടെയുള്ള ഇന്ത്യൻ സമൂഹത്തെ നേരിട്ടു കാണുന്നു. റെയ്ഗന്റെ റിപ്പബ്ലിക്കൻ പാർട്ടിക്ക് വീണ്ടും ഇന്ത്യൻ സമൂഹത്തിന്റെ പിന്തുണ തേടുന്നു. സിംസനെ ക്ഷണിക്കാനാണ് ജോയി ചെറിയാൻ വിളിച്ചത്. സിംസണ് അസൗകര്യമുണ്ട്. സംഭാഷണമധ്യേ സിംസൺ എന്നോടു ചോദിച്ചു.

“എന്താ റെയ്ഗനെ കാണണമെന്നുണ്ടോ? നിങ്ങൾ പത്രപ്രവർത്തകർക്ക് ഇതൊരു നല്ല അവസരമാണ്”.

ഞാൻ എന്റെ സഹയാത്രികനായി എപ്പോഴും കൂടെയുണ്ടായിരുന്ന കുന്നുപറമ്പിൽ പുന്നൂസിനു നേരെ നോക്കി. അദ്ദേഹത്തിനു സമ്മതമാണ്.

അമേരിക്കൻ പ്രസിഡണ്ടിനെ നേരിട്ടു കാണാൻ കിട്ടുന്ന അവസരം! റെയ്ഗന്റെ ചില സിനിമകൾ നേരത്തെ കണ്ടിട്ടുണ്ട്. ചില കൗബോയ് ചിത്രങ്ങൾ. നേരിട്ടുള്ള സന്ദർശനം എന്നു പറഞ്ഞാൽ ഒരപൂർവ ഭാഗ്യമല്ലേ? ഒത്താൽ കൂടെനിന്ന് ഒരു ഫോട്ടോയും സംഘടിപ്പിക്കണം!

ഇതൊക്കെയായിരുന്നു മനസ്സിൽ പെട്ടെന്നു കടന്നുവന്ന ചിന്തകൾ. പിന്നെ ആലോചിച്ചില്ല. സമ്മതം മൂളി. അപ്പോൾ ഒരു പ്രശ്നം. പിറ്റേദിവസമെങ്കിലും വാഷിംഗ്ടണിലെത്തണം. തൊട്ടടുത്ത ദിവസമാണ് റെയ്ഗൻ കൂടിക്കാഴ്ച.

വിമാനടിക്കറ്റില്ല. സിംസൺ രണ്ടു സൂപ്പർ ലക്ഷ്വറി ബസ് ടിക്കറ്റ് തരപ്പെടുത്തി. ഗ്രേഹൗണ്ടുകാരുടെ ബസാണ്. രാജകീയ സൗകര്യങ്ങൾ.

ഞങ്ങൾ അതിരാവിലെ തന്നെ പുറപ്പെട്ടു. ന്യൂയോർക്കിന്റെ നഗരഹൃദയത്തിൽ നിന്നു, ചെറുപട്ടണങ്ങളും ഗ്രാമങ്ങളും കടന്നുള്ള യാത്ര വ്യത്യസ്തമായ അനുഭവമായിരുന്നു. എവിടെയും സമൃദ്ധിയുടെ അടയാളങ്ങൾ. കുറ്റമറ്റ സംവിധാനങ്ങൾ. ലോകനിലവാരമുള്ള റോഡുകൾ. യാത്രയുടെ ക്ലേശം അറിഞ്ഞതേയില്ല.



*വാഷിംഗ്ടൺ സന്ദർശനത്തിനിടെ അമേരിക്കൻ പ്രസിഡണ്ടായിരുന്ന റെയ്ഗൻ ഭാര്യ നാൻസി എന്നിവരുടെ കട്ടൗട്ടുകൾക്കിരുവശത്തുമായി നില്ക്കുന്ന തേക്കിൻകാട് ജോസഫും കുന്നുപറമ്പിൽ പുന്നൂസും*

വാഷിംഗ്ടണിൽ സിംസന്റെ തന്നെ ഗസ്റ്റ് ഹൗസുണ്ട്. അവിടെ തങ്ങാം. കൂട്ടിന് സിംസന്റെ ഭാര്യാ സഹോദരൻ പുളിങ്കുന്നുകാരൻ അപ്പച്ചനുമുണ്ട്.

ഡോ. ജോയി ചെറിയാൻ അമേരിക്കയിലെ ഈക്വൽ എംപ്ലോയ്മെന്റ് കമ്മീഷന്റെ ചെയർമാനാണ്. ഇന്ത്യാക്കാരായ അമേരിക്കൻ സഹവാസികളുടെ പ്രശ്നങ്ങളിലിടപെടുകയും ക്ഷേമങ്ങൾ അന്വേഷിക്കുകയും ചെയ്യുന്ന സ്ഥാപനമാണിത്.

വാഷിംഗ്ടണിലെത്തിയപ്പോൾ തന്നെ ഡോ. ജോയി ചെറിയാനുമായി ബന്ധപ്പെട്ടു. രാവിലെ ഏഴുമണിക്കു മുമ്പ് ഒരു ടാക്സി വിളിച്ച് കാപ്പിറ്റോൾ ഹില്ലിലേക്കുള്ള പ്രവേശന കവാടത്തിലെത്തിയാൽ മതി. അദ്ദേഹമവിടെ ഉണ്ടാകും.

റെയ്ഗൻസ്വപ്നങ്ങളുമായി ഉറങ്ങാൻ കിടന്നു. റെയ്ഗന്റെ ‘സെലിബ്രിറ്റി ഫെയിം’ സിനിമാ താരം എന്ന നിലയിലോ അമേരിക്കൻ പ്രസിഡണ്ട് എന്ന നിലയിലോ, എനിക്ക്? തീർച്ചയായും അമേരിക്കൻ പ്രസിഡണ്ട് എന്ന സ്ഥാനത്തു തന്നെയാണ് ഞാൻ റെയ്ഗനെ പ്രതിഷ്ഠിച്ചിരിക്കുന്നത്. ലോകത്തിലെ ഏറ്റവും ശക്തമായ സാമ്രാജ്യത്വശക്തിയുടെ അധികാരം കൈയാളുന്ന ഭരണത്തലവൻ!

ഉറക്കത്തിലെപ്പൊഴോ വൈറ്റ് ഹൗസിലെ പ്രസിഡണ്ടിന്റെ ചേംബറിൽ ഒപ്പമിരിക്കുന്നതും ഫോട്ടോയ്ക്ക് പോസുചെയ്യുന്നതും സ്വപ്നം കണ്ടു. ഞെട്ടിയുണർന്നപ്പോൾ നേരം പുലർന്നിരിക്കുന്നു. അടുത്ത ബെഡ്ഡിൽ കുന്നുപറമ്പിൽ പുന്നൂസ് കൂർക്കം വലിച്ചുറങ്ങുന്നുണ്ട്. അദ്ദേഹത്തെ വിളിച്ചുണർത്തി വൈറ്റ് ഹൗസിലേക്കുള്ള യാത്രയ്ക്കൊരുങ്ങി. ടാക്സിയിലിരിക്കുമ്പോൾ മനസ്സുനിറയെ ത്രില്ലാണ്.

> **റെയ്ഗൻസ്വപ്നങ്ങളുമായി ഉറങ്ങാൻ കിടന്നു. റെയ്ഗന്റെ ‘സെലിബ്രിറ്റി ഫെയിം’ സിനിമാ താരം എന്ന നിലയിലോ അമേരിക്കൻ പ്രസിഡണ്ട് എന്ന നിലയിലോ, എനിക്ക് ? തീർച്ചയായും അമേരിക്കൻ പ്രസിഡണ്ട് എന്ന സ്ഥാനത്തു തന്നെയാണ് ഞാൻ റെയ്ഗനെ പ്രതിഷ്ഠിച്ചിരിക്കുന്നത്. ലോകത്തിലെ ഏറ്റവും ശക്തമായ സാമ്രാജ്യത്വശക്തിയുടെ അധികാരം കൈയാളുന്ന ഭരണത്തലവൻ !**

അമേരിക്കൻ പ്രസിഡണ്ടിനെ കാണാനാണ് പോകുന്നത്. ഒരിന്റർവ്യൂ തരപ്പെടുമോ? അതോ ഫോട്ടോ സെഷൻ മാത്രമേ നടക്കുകയുള്ളോ? എന്നൊക്കെയായി ചിന്ത.

നേരത്തെ പറഞ്ഞുറപ്പിച്ചമാതിരി പ്രവേശകവാടത്തിൽ തന്നെ ഡോ. ജോയി ചെറിയാനുണ്ട്. അതിഥികളായി കടന്നുവരുന്നവരെ സ്വീകരിക്കുന്ന ആൾ എന്ന നിലയിൽ അദ്ദേഹത്തെ തിരിച്ചറിയാൻ വിഷമം വന്നില്ല. നീല റിബണിൽ കഴുത്തിൽ ധരിച്ചിരിക്കുന്ന ഐഡി കാർഡിൽ വ്യക്തമായി പേരു വായിക്കുകയും ചെയ്തു.

സ്വയം പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: “മിസ്റ്റർ സിംസൺ വിളിച്ചു പറഞ്ഞിരുന്നു. മുന്നോട്ടു നടന്നോളൂ. അരമണിക്കൂർ കാത്തു നില്ക്കേണ്ടിവരും.”

അദ്ദേഹം ക്ഷണിക്കപ്പെട്ട മറ്റ് അതിഥികളെ സ്വീകരിക്കാനുള്ള തിരക്കിലേക്കു മടങ്ങി.

ഞങ്ങൾ മുന്നോട്ടു നടന്നു. വിശാലമായ ഒരു പുൽത്തകിടിയുടെ നടുക്കായി തീർത്തിരിക്കുന്ന ബാരിക്കേഡിന്റെ ഇപ്പുറത്തേക്കാണ് യാത്ര.

അവിടെ ചെന്നപ്പോഴാവട്ടെ ഒരു വലിയ ജനസഞ്ചയം. പതിനെണ്ണൂറുപേരെങ്കിലും കാണും. എല്ലാവരും ഇന്ത്യാക്കാർ.

പ്രസിഡണ്ടിന്റെ ഇലക്ഷൻ കാമ്പെയ്ൻ തുടങ്ങുമ്പോൾ തന്നെ ഇന്ത്യൻ സമൂഹത്തിന്റെ പിന്തുണ പ്രഖ്യാപിക്കുകയാണ് ഡോ. ജോയി ചെറിയാന്റെയും മറ്റും ലക്ഷ്യം.

ബാരിക്കേഡിനപ്പുറത്ത് മുന്നൂറുമീറ്റർ അകലത്തിൽ പുൽത്തകിടിയിൽ തന്നെ അമേരിക്കൻ കഴുകന്റെ മുദ്രയുള്ള ഒരു പ്രസംഗപീഠം ഉറപ്പിച്ചിട്ടുണ്ട്. അടുത്തായി അമേരിക്കയുടെയും ഇന്ത്യയുടെയും പതാകകൾ.

അരമണിക്കൂറിനിടയിൽ പലതവണ സെക്യൂരിറ്റി ഉദ്യോഗസ്ഥർ പ്രസംഗപീഠവും മൈക്കും പരിസരവും സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കി.

പ്രസിഡണ്ടിന്റെ ലഘുപ്രസംഗത്തിനുശേഷം പുറപ്പെടാനുള്ള ഹെലികോപ്റ്റർ അല്പമകലെയായി കിടപ്പുണ്ട്. ഞങ്ങൾ ബാരിക്കേഡിൽ പിടിച്ച് റെയ്ഗനായി കാത്തുനിന്നു. കൃത്യം എട്ടിനുതന്നെ അദ്ദേഹം സുസ്മേരവദനനായി നടന്നു വന്നു. ഒപ്പം ഒന്നു രണ്ടു സെക്രട്ടറിമാരുമുണ്ട്. വന്നപാടെ കാത്തു നിന്ന ജനക്കൂട്ടത്തെ അഭിവാദ്യം ചെയ്തു.

ബാരിക്കേഡിനപ്പുറത്തായി ഞങ്ങൾ ആഹ്ലാദപൂർവം കൈവീശി. അമേരിക്കയിലുള്ള ഇന്ത്യൻ സമൂഹം തന്റെ സർക്കാരിനു നല്കിവന്ന സഹകരണത്തിന് റെയ്ഗൻ പത്തുമിനിറ്റു നീണ്ട തന്റെ ലഘുപ്രസംഗത്തിൽ നന്ദി പ്രകാശിപ്പിച്ചു. അടുത്ത തെരഞ്ഞെടുപ്പിലും ഡെമോക്രാറ്റിക് പാർട്ടിയെ പിന്തള്ളി റിപ്പബ്ലിക്കൻ പാർട്ടിക്ക് പിന്തുണ ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ജനം കൈയടിച്ചു. ഒരിക്കൽ കൂടി കൈവീശി അദ്ദേഹം ഹെലികോപ്റ്ററിനടുത്തേക്കു നടന്നു. ഞങ്ങളും അഭിവാദ്യം ചെയ്തു. ഹെലികോപ്റ്റർ ഉയർന്നു പൊങ്ങി പറന്നുയരുന്നതുവരെ ഞങ്ങൾ കണ്ണിമയ്ക്കാതെ നോക്കിനിന്നു. അപൂർവമായ നിമിഷങ്ങൾ തന്നെ. മനസ്സ് സമാധാനിച്ചു.

തിരികെ കാപ്പിറ്റോൾ ഹില്ലിലെ ചരിത്രപ്രസിദ്ധമായ ലിങ്കൺ പ്രതിമയും അമേരിക്കയ്ക്കുവേണ്ടി വീരചരമം പ്രാപിച്ച യോദ്ധാക്കളുടെ സ്മാരകവും കണ്ടിറങ്ങുമ്പോൾ തെരുവോരത്ത് റെയ്ഗനൊപ്പം നിന്നു ഫോട്ടോയെടുക്കാൻ ഒരു ഫോട്ടോഗ്രാഫർ ഞങ്ങളെ ക്ഷണിച്ചു.

റെയ്ഗന്റെ കട്ടൗട്ടിനിരുവശവുമായി ഞാനും പുന്നൂസും നിന്നു. പോസുചെയ്യുമ്പോൾ റെയ്ഗനെപ്പോലെ പുഞ്ചിരിക്കാൻ ആ ഫ്രീലാൻഡ് ഫോട്ടോഗ്രാഫർ ഞങ്ങളോടാവശ്യപ്പെട്ടു. ക്യാമറയിൽ പതിഞ്ഞ ഫോട്ടോയുമായി ഞങ്ങൾ സിംസന്റെ ഗസ്റ്റ് ഹൗസിലേക്കു മടങ്ങി.

ചിലരെയെങ്കിലും കാണിക്കാം, അമേരിക്കൻ പ്രസിഡണ്ടുമൊത്തുള്ള ആ ഫോട്ടോ!

---

## ഒടുവിൽ നികൃഷ്ടജീവികൾ നല്ലവരാകുന്നു

7 >>

**തലസ്ഥാന നഗരവികസനത്തിനായി കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തു രൂപം കൊടുത്ത പ്രോജക്ട് അനുസരിച്ചുള്ള പണി നടത്തിയിരുന്നത് പുഞ്ച്ലോയ്ഡ് എന്ന കമ്പനിയായിരുന്നു. തലസ്ഥാനത്തെ റോഡുകൾ കണ്ണടച്ചു തുറക്കുന്ന വേഗത്തിൽ പുതുക്കി പണിത കമ്പനി, തലസ്ഥാന വാസികളിൽ വിസ്മയവും മതിപ്പും സൃഷ്ടിച്ചിരുന്നു.**

ഒടുവിൽ രണ്ടു വർഷം വെറുതേയിരുന്ന ശേഷം വീണ്ടും കരാർ ജോലികൾ പഴയ കമ്പനിക്കാർക്കു തന്നെ കൊടുത്തു. മാത്രമല്ല, പതിബെല്ലിന് 115 കോടി രൂപയാണ് നഷ്ടപരിഹാരം കൊടുക്കേണ്ടി വന്നത്. ഇപ്പോഴിതാ പുഞ്ച്ലോയ്ഡിന് 124 കോടി രൂപയും കൊടുക്കാൻ വിധി വന്നിരിക്കുന്നു.

കുടിശ്ശിക തുക കൊടുക്കാതെ ഈ പണികൾ സ്തംഭിപ്പിച്ചതെന്തിനായിരുന്നു എന്നെങ്കിലും ഉത്തരവാദിത്തപ്പെട്ടവർ ജനങ്ങളോടു തുറന്നു പറയണം.

രണ്ടുവർഷം പണികൾ മുഴുവൻ സ്തംഭിപ്പിച്ചവർ നഗരവികസനപ്രവർത്തനങ്ങളുടെ രണ്ടാമത്തെ ഉദ്ഘാടനം കെങ്കേമമായി നടത്തിയിട്ട് വീണ്ടും വർഷം ഒന്നു കഴിഞ്ഞു. ഇപ്പോഴും നഗരത്തിൽ ഒന്നും സംഭവിക്കുന്നില്ല.

കഴിഞ്ഞ മൂന്നുവർഷമായി കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെ നാട്ടുകാരെ നടത്തിച്ചവർ ഇപ്പോൾ പൊതുഖജനാവിൽ നിന്ന് കോടികൾ നഷ്ടപരിഹാരവും നല്കുന്നു. ഇതിനൊക്കെ ഉത്തരവാദികളായവർ ഇപ്പോഴും ഞെളിഞ്ഞു നടക്കുന്നു. നമ്മുടെ ഗതികേട്!

ഇതാണു നിയമം

അഡ്വ. ചാർളി പോൾ
എംഎ, എൽഎൽബി, ഡിഎസ്എസ്

# പട്ടികജാതി പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം -1989



ഭാരതത്തിലെ ചില സമുദായങ്ങൾ ദീർഘകാലമായി നിലനില്ക്കുന്ന തൊട്ടുകൂടായ്മമൂലവും മറ്റുചില ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ, പ്രാകൃത കൃഷിരീതികൾ, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് തുടങ്ങിയ കാരണങ്ങളാലും സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ അനുഭവിച്ചു വന്നിരുന്നു. ഇത്തരം വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന ആവശ്യമായതിനാൽ ഭരണഘടനാശില്പികൾ ഭരണഘടനയുടെ 341 (1) ഉം 342(1)ഉം അനുച്ഛേദങ്ങൾ പ്രകാരം ഇവരെ യഥാക്രമം പട്ടികജാതി- ഗോത്രവർഗ സമുദായങ്ങളായി പ്രഖ്യാപിച്ചു.

സാമൂഹ്യപരിരക്ഷകളുടെ ഭാഗമായി ഇന്ത്യൻ പാർലമെണ്ട് 1955ലെ തൊട്ടുകൂടായ്മ (കുറ്റം) നിയമം പാസ്സാക്കി. പിന്നീട് ഈ നിയമം പൗരാവകാശ സംരക്ഷണനിയമം എന്ന പേരിൽ ഭേദഗതി ചെയ്തു നടപ്പാക്കി. എന്നാൽ പട്ടികജാതി പട്ടികവർഗക്കാർക്കെതിരെയുള്ള എല്ലാത്തരം അതിക്രമങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ പെടാത്തതുകൊണ്ട് 1989ൽ പട്ടികജാതി-പട്ടികവർഗ (അതിക്രമം തടയൽ) നിയമം പാസ്സാക്കുകയും അത് 1990 ജനുവരി 30-ാം തീയതി മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു.

**സാമൂഹ്യപരിരക്ഷകളുടെ ഭാഗമായി ഇന്ത്യൻ പാർലമെണ്ട് 1955ലെ തൊട്ടുകൂടായ്മ (കുറ്റം) നിയമം പാസ്സാക്കി. പിന്നീട് ഈ നിയമം പൗരാവകാശ സംരക്ഷണനിയമം എന്ന പേരിൽ ഭേദഗതി ചെയ്തു നടപ്പാക്കി. എന്നാൽ പട്ടികജാതി പട്ടികവർഗക്കാർക്കെതിരെയുള്ള എല്ലാത്തരം അതിക്രമങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ പെടാത്തതുകൊണ്ട് 1989ൽ പട്ടികജാതി– പട്ടികവർഗ (അതിക്രമം തടയൽ) നിയമം പാസ്സാക്കുകയും അത് 1990 ജനുവരി 30–ാം തീയതി മുതൽ പ്രാബല്യത്തിൽവരികയും ചെയ്തു.**

ഈ നിയമത്തിൽ പട്ടികജാതി പട്ടികവർഗക്കാർക്കെതിരെ ഇതരവിഭാഗത്തിൽ പെട്ടവർ ചെയ്യുന്ന കുറ്റകൃത്യങ്ങൾക്ക് ശിക്ഷ നിശ്ചയിച്ചിട്ടുണ്ട്. ഈ നിയമത്തിന്റെ 3 (1) വകുപ്പ് പ്രകാരം താഴെ വിവരിക്കുന്ന കുറ്റകൃത്യങ്ങൾക്ക് ആറു മാസത്തിൽ കുറയാത്തതും അഞ്ചു വർഷത്തിൽ കവിയാത്തതുമായ കാലയളവിലേക്ക് തടവും പിഴയും ശിക്ഷ വിധിക്കാവുന്നതാണ്.

**പട്ടികജാതി-ഗോത്രവർഗ സമുദായങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളവർക്ക് ഭരണഘടന വിഭാവനം ചെയ്യുന്ന പ്രത്യേക പരിരക്ഷകൾ. ആറുതരം പരിരക്ഷകളാണ് മുഖ്യമായി നല്കുന്നത്.**

| പരിരക്ഷകൾ | ഭരണഘടനാ അനുച്ഛേദം |
|---|---|
| 1. വികസനവും സംരക്ഷണവും | 46 |
| 2. സാമൂഹ്യപരിരക്ഷ | 17,23,24,25 (2) (ഖ) |
| 3. സാമ്പത്തിക പരിരക്ഷ | 244,275 (1) |
| 4. വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പരിരക്ഷ | 15 (4), 15(5), 29, 350 (ക) |
| 5. രാഷ്ട്രീയപരിരക്ഷ | 164, 330, 332, 334 |
| 6. സേവനരംഗത്തെ പരിരക്ഷ | 16(4), (4 ക), 335, 320 (4) |

*പ്രത്യേക പരിരക്ഷകൾക്കു പുറമേ ദേശീയ പട്ടികജാതി കമ്മീഷനും (338), ദേശീയ പട്ടിക ഗോത്രവർഗ കമ്മീഷനും (338 ക) ഇവർക്കായി രൂപീകരിക്കപ്പെട്ടു.*

പട്ടികജാതിയിലോ പട്ടികവർഗത്തിലോ ഉൾപ്പെട്ട ഒരംഗത്തെക്കൊണ്ട് ഭക്ഷ്യയോഗ്യമല്ലാത്തതോ, നിന്ദ്യമായതോ ആയ ഏതെങ്കിലും സാധനം തീറ്റിക്കുന്നതിന് ബലപ്രയോഗം നടത്തുക, അപമാനമോ, ക്ഷതിയോ, അലട്ടലോ ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി വിസർജ്യവസ്തുക്കളോ, പാഴ്‌വസ്തുക്കളോ, ജന്തുക്കളുടെ ശവശരീരങ്ങളോ മറ്റേതെങ്കിലും നിന്ദ്യമായ സാധനമോ അയാളുടെ പരിസരങ്ങളിലോ അയല്പക്കത്തോ കൂട്ടിയിടുക. ശരീരത്തിൽ നിന്നും ബലാത്ക്കാരമായി വസ്ത്രങ്ങൾ മാറ്റുകയോ അല്ലെങ്കിൽ മുഖത്തോ ശരീരത്തിലോ ചായം തേക്കുകയോ, അല്ലെങ്കിൽ മനുഷ്യന്റെ അന്തസ്സിന് കേട്ടമുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുക.

കൂടാതെ പട്ടികജാതി പട്ടികവർഗത്തിൽപെട്ടവർക്ക് അലോട്ട് ചെയ്തിട്ടുള്ള ഭൂമി അന്യായമായി കൈവശപ്പെടുത്തുന്നതും അയാൾക്ക് ഭൂമിയിലോ പരിസരപ്രദേശത്തിന്മേലോ വെള്ളത്തിലോ ഉള്ള അവകാശങ്ങൾ അനുഭവിക്കുന്നതിൽ കൈകടത്തുന്നതും നിർബന്ധിത തൊഴിലോ അടിമപ്പണിയോ ചെയ്യാൻ നിർബന്ധിക്കുന്നതും വോട്ടവകാശം വിനിയോഗിക്കുന്നതിൽ നിന്നും തടസ്സപ്പെടുത്തുന്നതും ഭയപ്പെടുത്തുന്നതും വ്യാജവും ദുരുദ്ദേശ്യപരവുമായ വ്യവഹാരങ്ങൾ കൊടുക്കുന്നതും അവരെ പൊതുജനദൃഷ്ടിയിൽ അവഹേളിക്കുന്നതും അപമാനിക്കുന്നതും കുറ്റകരവും ശിക്ഷാർഹവുമാണ്.

പട്ടികജാതി പട്ടികവർഗവിഭാഗത്തിൽ പെട്ട സ്ത്രീയെ അനാദരിക്കുന്നതും മാനഭംഗപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെ കയ്യേറ്റം ചെയ്യുന്നതും കുറ്റകരമാണ്. ഈ വിഭാഗം ഉപയോഗിക്കുന്ന ജലസ്രോതസ്സുകൾ ദുഷിപ്പിക്കുകയോ മലിനമാക്കുകയോ ചെയ്യുന്നതും ഒരു പൊതു സങ്കേതം ഉപയോഗിക്കുന്നതിൽ നിന്ന് തടയുന്നതും വീടോ വാസസ്ഥലമോ വിട്ടുപോകുന്നതിന് നിർബന്ധിക്കുകയോ അതിന് ഇടയാക്കുകയോ ചെയ്യുന്നതും കുറ്റകരവും ശിക്ഷാർഹവുമാണ്.

തീയാലോ മറ്റ് സ്ഫോടകവസ്തുക്കളാലോ പട്ടികജാതി - പട്ടികവർഗ അംഗത്തിന് നാശനഷ്ടവും ദ്രോഹവും ചെയ്താൽ ആറു മാസത്തിൽ കുറയാത്തതും ഏഴുവർഷം വരെയുള്ളതുമായ തടവുശിക്ഷയും പിഴയും വിധിക്കാവുന്നതാണ്.

**പട്ടികജാതി– പട്ടികവർഗക്കാർ കൂടുതൽ താമസിക്കുന്ന വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ അതിക്രമങ്ങൾ തടയുന്നതിനായി പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഓരോ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ പോലീസ് ആസ്ഥാനത്ത് ഇത്തരം കേസുകൾ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനായി ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക സെല്ലും പ്രവർത്തിക്കുന്നുണ്ട്.**

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് (Duty of Govern ment to ensure effective implement ation of the Act) സർക്കാരിന് പ്രത്യേക ചുമതലയുണ്ട്; സംവിധാനവുമുണ്ട്.

## നഷ്ടപരിഹാരവും വിതരണവും

അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ധനസഹായങ്ങൾ ചെയ്യുന്നതിനുള്ള പദ്ധതിയും സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിക്രമങ്ങൾ മൂലം മരണപ്പെടുന്നവരുടെ ആശ്രിതർ, അംഗവൈകല്യം സംഭവിക്കുന്നവർ, ഭവനം നഷ്ടപ്പെടുന്നവർ, ഭവനത്തിന് കേടു സംഭവിക്കുന്നവർ, കൃഷിക്ക് നാശനഷ്ടങ്ങൾ, വസ്തുവകകളുടെ നാശനഷ്ടം, ലൈംഗികചൂഷണം തുടങ്ങിയവയ്ക്ക് നഷ്ടപരിഹാരത്തിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

നഷ്ടം തിട്ടപ്പെടുത്തി റിപ്പോർട്ട് ലഭിച്ചാൽ വസ്തുനിഷ്ഠമായ കേസുകളിൽ 15 ദിവസത്തിനകം നഷ്ടപരിഹാരം അനുവദിക്കും. നഷ്ടപരിഹാരം അനുവദിക്കുന്നതിന് വ്യക്തിയുടെ കുടുംബവരുമാനം ബാധകമല്ല.

ഓരോ ജില്ലയിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയാണ് അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കുന്നത്. വിശദാംശങ്ങൾ പട്ടികജാതി-പട്ടികവർഗ വികസനവകുപ്പിൽ നിന്ന് ലഭിക്കും.

പട്ടികജാതി-പട്ടികവർഗക്കാർ കൂടുതൽ താമസിക്കുന്ന വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ അതിക്രമങ്ങൾ തടയുന്നതിനായി പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഓരോ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ പോലീസ് ആസ്ഥാനത്ത് ഇത്തരം കേസുകൾ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനായി ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക സെല്ലും പ്രവർത്തിക്കുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗക്കാരെ സ്ഥാനത്തും അസ്ഥാനത്തും അധിക്ഷേപിക്കുന്നവർ സൂക്ഷിക്കുക. നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ കുറ്റകരവും ശിക്ഷാർഹവുമാണ്. സർവമനുഷ്യരും ആദരണീയരും ബഹുമാനിതരുമാണെന്നോർക്കുക. ധാർഷ്ട്യവും അഹങ്കാരവും അപ്രമാദിത്വവും പുച്ഛവും താൻപോരിമയും ഉന്നതകുലഭാവവും ആർക്കും ഭൂഷണമല്ല; നല്ലതുമല്ല. സർവമനുഷ്യരും ഈശ്വരന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണല്ലോ




## സിപ്പിയങ്കിളും കുട്ട്യോളും

# ദൈവവും തേനീച്ചയും

*പ്രിയ കൂട്ടുകാരേ,*

ദൈവം നമുക്കു നല്കുന്ന സമ്പത്തും അനുഗ്രഹങ്ങളും നാം നന്നായി വിനിയോഗിക്കണം. അതുവഴി നന്നായി ജീവിക്കാനും, ജീവിതവിജയം നേടാനും നമുക്കു കഴിയണം. സ്വന്തം കഴിവും സമ്പത്തും മറ്റുള്ളവരെ ഉപദ്രവിക്കാനുള്ളതാണ് എന്ന ചിന്ത നമ്മെ ആപത്തിൽ ചാടിക്കും.

ഒരു പൂവനത്തിൽ മണിയൻ എന്നു പേരുള്ള ഒരു തേനീച്ച പാർത്തിരുന്നു. വസന്തകാലം വന്നപ്പോൾ അവൻ അതിമനോഹരമായ ഒരു കൂടുണ്ടാക്കി. അതിന്റെ അറകളിൽ നിറയെ പൂന്തേനും പൂമ്പൊടിയും ശേഖരിച്ചുവച്ചു.

ഒരു ദിവസം കുറെ പൂന്തേനും പൂമ്പൊടിയുമായി മണിയൻ തേനീച്ച സ്വർഗത്തിലേക്ക് യാത്രയായി. വൈകാതെ അവൻ ഈശ്വരന്റെ മുന്നിലെത്തി. കയ്യിലുണ്ടായിരുന്ന പൂന്തേനും പൂമ്പൊടിയും അവൻ അദ്ദേഹത്തിന്റെ മുന്നിൽ കാഴ്ചവച്ചു. ആ കൊച്ചുജീവിയോട് അദ്ദേഹത്തിന് എന്തെന്നില്ലാത്ത സ്നേഹവും വാത്സല്യവും തോന്നി.

"കുഞ്ഞേ, എന്തു വരമാണ് നിനക്കു വേണ്ടത്? മടികൂടാതെ ചോദിച്ചോളൂ". – ഈശ്വരൻ ആവശ്യപ്പെട്ടു.

"പ്രഭോ, ആരെങ്കിലും ഉപദ്രവിച്ചാൽ അവരെ കുത്തിക്കൊല്ലാൻ പാകത്തിൽ എനിക്ക് ഒരു വിഷമുള്ളു തരണം". – മണിയൻ അപേക്ഷിച്ചു.

തേനീച്ചയുടെ ക്രൂരമായ ഈ ആഗ്രഹം കേട്ട ഈശ്വരന് വല്ലാത്ത അതിശയം തോന്നി. അദ്ദേഹം പറഞ്ഞു: "നിന്റെ ആഗ്രഹം ഞാൻ സാധിച്ചുതരാം. പക്ഷേ ഒരു കാര്യം നിന്നെ ഞാൻ ഓർമിപ്പിക്കുന്നു. ഈ വിഷമുള്ളുകൊണ്ട് നിന്റെ ശത്രുക്കളെ കുത്തിനോവിക്കാൻ നിനക്കു കഴിയും. പക്ഷേ, അപ്പോൾ അവരായിരിക്കില്ല മരിക്കുന്നത്; നീ തന്നെയായിരിക്കും".

"അതിൽ കുഴപ്പമില്ല പ്രഭോ!" – തേനീച്ച സമ്മതിച്ചു. ആ നിമിഷം തന്നെ ഈശ്വരൻ അവന് വിഷമുള്ളു സമ്മാനിച്ചു. പക്ഷേ, എന്തു പ്രയോജനം? മറ്റുള്ളവരെ കുത്തിനോവിക്കാൻ കഴിഞ്ഞെങ്കിലും ആ നിമിഷത്തിൽതന്നെ അവനും അവിടെ ചത്തുവീണു!

മറ്റുള്ളവരെ ഉപദ്രവിക്കാൻ വേണ്ടി നാം സമ്പാദിക്കുന്നതെന്തും നമ്മുടെ തന്നെ നാശത്തിനേ വഴിയൊരുക്കുകയുള്ളു. ജീവിച്ചിരിക്കുന്ന കാലത്തോളം മറ്റുള്ളവർക്ക് നന്മ ചെയ്യുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

"മർത്യനുസേവനമേകാൻ നമ്മൾ
മടികാണിക്കരുതൊരുനാളും
അന്യനു നന്മകൾ ചെയ്യാൻ നമ്മൾ
മുന്നിൽ നില്ക്കണമെന്നാളും!"

–എന്ന കാവിവാക്യം ഒരിക്കലും മറക്കാതിരിക്കുക.

*സസ്നേഹം*

**സിപ്പിയങ്കിൾ**

## കുട്ടിക്കവിത

# അമ്പിളിമാമൻ!

തേങ്ങാപ്പൂളായ്
തിങ്കൾക്കലയായ്
രാവിലുദിച്ചു
പാല്ക്കിണ്ണം.

"നോക്കു കുട്ടാ
അമ്പ്ളേമ്മോച്ചൻ!"
ചൊല്ലീയെന്നുടെ
മുത്തശ്ശി.

അമ്മ പറഞ്ഞു–
"അമ്പിളിമാമൻ
വാനിലുദിച്ചത്
കണ്ടോ നീ?"

"നക്ഷത്രങ്ങൾ–
ക്കിടയിൽ ചന്ദ്രൻ"
അറിവു പകർന്നു
ഗുരുനാഥൻ.

"പാരിതിലെങ്ങും
പാലൊളി തൂകും
പനിമതി"–യെന്നെൻ
കവിമാമൻ.

അമ്പിളിയെന്നോ
പനിമതിയെന്നോ
എന്തുവിളിക്കും
നിന്നെ ഞാൻ ?



**– ടി.കെ. മാറിയിടം**

# സ്വർണവിളക്ക്



**ബാലനോവൽ – 19**

**അന്തീനാട് ജോസ്**

**ലാ**വോസ് വീണ്ടും ചുറ്റും നോക്കി. സമീപത്തെങ്ങും സ്വർണവിളക്കു കാണാനില്ല. അതു കിടന്നിരുന്ന സ്ഥലം അവനു നല്ല നിശ്ചയമുണ്ട്. മുതലയുമായി മല്പിടുത്തം നടത്തിയ സമയംകൊണ്ട് ആർക്കും അതു കൈക്കലാക്കി ഒളിക്കാൻ സാധിക്കില്ല. പിന്നെങ്ങനെ അതു കാണാതായി?

അവൻ എത്ര ആലോചിച്ചിട്ടും ആ ചോദ്യത്തിന് ഒരു മറുപടി കണ്ടെത്താൻ കഴിഞ്ഞില്ല. അവന് അദ്ഭുതവും സങ്കടവും തോന്നി.

പക്ഷേ, അവൻ ധൈര്യം വീണ്ടെടുത്തു. ഒരു യോദ്ധാവിന്റെ ഉണർവോടെ അവൻ മനസ്സിനെ പാകപ്പെടുത്തി. സമീപത്തെ കുറ്റിക്കാടുകളെല്ലാം അരിച്ചു പെറുക്കി നോക്കി.

അപ്പോൾ നേരം നന്നേ പുലർന്നിരുന്നു. പ്രഭാതത്തിന്റെ പൊൻവെളിച്ചം നദിയിൽ ഒരു മഴവില്ലു പോലെ തിളങ്ങിക്കിടന്നു.

പെട്ടെന്നാണ് ലാവോസ് ആ കാഴ്ച കണ്ടത്.

വലിയ ഒരു പാമ്പ് അവന്റെ സ്വർണവിളക്ക് വിഴുങ്ങുന്നു. മുക്കാൽ ഭാഗവും ആ സർപ്പം വിഴുങ്ങിക്കഴിഞ്ഞു. ബാക്കിഭാഗം കൂടി വിഴുങ്ങാൻ അതു ശ്രമിക്കുകയാണ്.

ഒരു നിമിഷം അവൻ എന്തു ചെയ്യണമെന്നറിയാതെ പകച്ചുനിന്നു. കൊടിയ വിഷമുള്ള കാട്ടുസർപ്പമാണ്. ഏതാണ്ട് പത്തടിയോളം നീളം വരും. കറുത്തു മിനുങ്ങിയ ഉടലും വലിയ തലയുമാണ്. അതിനൊരു മനുഷ്യനെപ്പോലും വിഴുങ്ങാൻ പ്രയാസമില്ലെന്നു തോന്നുന്നു.

എങ്കിലും ലാവോസിനു ഒരു കാര്യം മനസ്സിലായി. വായിൽ വിളക്കുള്ളിടത്തോളം നേരം അതിനു തന്നെ കടിക്കാൻ പറ്റില്ല. അവൻ വേഗം കൂർത്തുമൂർത്ത ഒരു കല്ലുമായി സർപ്പത്തിനു നേരെ പാഞ്ഞുചെന്നു. മുഴുവൻ വിഴുങ്ങുന്നതിനു മുമ്പേ എങ്ങനെയെങ്കിലും അതു കൈവശപ്പെടുത്തിയാൽ താൻ വിജയിച്ചു.

അവനെ കണ്ടതോടെ സർപ്പം വേഗം മുന്നോട്ടിഴഞ്ഞു. ലാവോസ് സർപ്പത്തിനു തൊട്ടു പിന്നാലെയെത്തി. സർപ്പം പിന്നെയും ഓടി.

പിന്നാലെ ഒരു കാറ്റുപോലെ ലാവോസും പാഞ്ഞു. വനത്തിന്റെ ഇരുളിമയിലേക്കു സർപ്പം പാഞ്ഞപ്പോൾ അവനും പിന്നാലെ കുതിച്ചു. ഏതെങ്കിലും മാളത്തിൽ കയറുന്നതിനു മുമ്പേ അതിനെ പിടികൂടേണ്ടിയിരിക്കുന്നു.

സർപ്പത്തിന്റെ പിന്നാലെ ഓടിയ അവൻ തെല്ലകലെ നില്ക്കുന്ന രണ്ടു മൂന്നു കാട്ടുമനുഷ്യരെ കണ്ടു നടുങ്ങി. പിന്നെ അവർ കാണാതെ അവൻ ഒരു മരത്തിൽ കയറി ഒളിച്ചു.

വിളക്കുമായി പാഞ്ഞുവന്ന സർപ്പത്തെ കാട്ടുമനുഷ്യർ കൈയിലിരുന്ന വാളുകൊണ്ട് ആഞ്ഞുവെട്ടി. ചോരചിതറി സർപ്പം ചത്തു. പക്ഷേ, അതിനു മുമ്പേ സർപ്പം വിളക്കു മുഴുവൻ വിഴുങ്ങിക്കഴിഞ്ഞിരുന്നു.

ലാവോസ് മരത്തിലിരുന്ന് താഴെ നടക്കുന്ന ഓരോ സംഭവവും കാണുന്നുണ്ടായിരുന്നു. അവൻ അതെല്ലാം കണ്ടു വാസ്തവത്തിൽ അമ്പരന്നുപോയി. ഇത്രയ്ക്കും ഭീകരന്മാരായ കാട്ടുജാതിക്കാർ ഈ വനത്തിലുണ്ടെന്ന് അവൻ കരുതിയിരുന്നില്ല.

അവർ കറുത്തിരുണ്ട ഭീകരന്മാരാണ്. അരപ്പട്ടയിൽ അമ്പും വില്ലുമുണ്ട്. കൈകളിൽ ഏതോ ശിലയിൽ നിർമിച്ച വാൾ, അതിന്റെ വായ്ത്തല വെള്ളിപോലെ വെട്ടിത്തിളങ്ങുന്നു.

ഒറ്റവെട്ടിനു തന്നെ സർപ്പത്തിന്റെ തല അറ്റുപോയി. പക്ഷേ സ്വർണവിളക്കു പാമ്പിന്റെ വയറ്റിലായിക്കഴിഞ്ഞിരുന്നു. ആ ഭാഗം ഒറ്റനോട്ടത്തിനു തന്നെ തടിച്ചു കാണാമായിരുന്നു.

ലാവോസ് എല്ലാം കണ്ടും കേട്ടും ശ്വാസമടക്കിയിരുന്നു. അവൻ സർവദൈവങ്ങളെയും മനസ്സിൽ പ്രാർത്ഥിച്ചു. ഈ കാട്ടുമനുഷ്യർ സ്വർണവിളക്കിന്റെ കഥ മനസ്സിലാക്കാതിരുന്നെങ്കിൽ എന്നവൻ ആശിച്ചു. അവർ എങ്ങോട്ടെങ്കിലും പോയിരുന്നെങ്കിൽ ഇറങ്ങിവന്നു പാമ്പിന്റെ വയറുകീറി വിളക്കു സ്വന്തമാക്കാമായിരുന്നു.

അവർ അവിടം വിട്ടുപോകുന്ന ലക്ഷണമൊന്നും കണ്ടില്ല. തന്നെയുമല്ല അവർ പാമ്പിനെ തിരിച്ചും മറിച്ചും പരിശോധിക്കുകയുമാണ്.

ലാവോസിന്റെ ഹൃദയത്തുടിപ്പുകൾക്കു പിന്നെയും വേഗം കൂടി. അവനു തന്റെ കൈകാലുകൾ വിറയ്ക്കുന്നതായി തോന്നി.

*'സ്വർണവിളക്ക്' അടുത്തലക്കത്തിൽ അവസാനിക്കുന്നു.*